(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുമെന്ന സർക്കാർ പ്രഖ്യാപന പ്രകാരം 2012-13 വർഷം മാത്രമാണ് വിതരണം നടന്നിട്ടുള്ളത്. ആയത് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
തിരുവനന്തപുരം	615
കൊല്ലം	344
പത്തനംതിട്ട	151
ആലപ്പുഴ	278
കോട്ടയം	224
ഇടുക്കി	119
എറണാകുളം	670
തൃശ്ശൂർ	359
പാലക്കാട്	251
മലപ്പുറം	127
കോഴിക്കോട്	352
വയനാട്	38
കണ്ണൂർ	141
കാസർഗോഡ്	81
ആകെ	3750 എണ്ണം

(ഇ) ഉണ്ട്. ചില സാങ്കേതിക കാരണങ്ങളാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. നടപ്പുവർഷം പഠനം തുടരുന്ന മുൻ വർഷത്തെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഈ അദ്ധ്യയനവർഷം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ ലാപ്ടോപ് വിതരണം ആരംഭിക്കുന്നതാണ്. ഈ പദ്ധതി തുടരുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

റാന്നി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

196 (2405) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) റാന്നി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ ഏതൊക്കെ കോളനികളിലാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഓരോ കോളനിയിലും ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് ; ഓരോ പദ്ധതിക്കും നീക്കിവച്ചിരിക്കുന്ന തുക എത്ര ; ഏത് ഏജൻസി വഴിയാണ് കോളനികളിൽ പദ്ധതി നിർവ്വഹണം നടത്തുന്നത് ; ഏതൊക്കെ പദ്ധതികളാണ് പൂർണ്ണമായും നടപ്പാക്കിയത് ; മറ്റു പദ്ധതികൾ ഏതു ഘട്ടം വരെയായി എന്നീ വിവരങ്ങൾ കോളനികളുടെ പേരു തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2012-13-ൽ പെരുനാട് ഗ്രാമപഞ്ചായത്തിലെ ബിമ്മരം പട്ടികജാതി കോളനിയിലും 2013-14-ൽ കിസുമം പട്ടികജാതി കോളനിയിലുമാണ് സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ അനുവദിച്ചിട്ടുള്ളത്.

(ബി) ബിമ്മരം പട്ടികജാതി കോളനി - ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

പ്രവൃത്തികൾ	വകയിരുത്തിയിരിക്കുന്ന തുക	പ്രവൃത്തിയുടെ പുരോഗതി
(1)	(2)	(3)
ഭവനപുനരുദ്ധാരണം	10,13,600.00	100% പൂർത്തീകരിച്ചിട്ടുണ്ട്.
കോൺക്രീറ്റ് റോഡ് -500 മീറ്റർ	23,07,237.50	100% "
അംഗൻവാടി പുനരുദ്ധാരണം- പെയിന്റിംഗ്സ്, ടൈൽ, ട്രസ് വർക്ക്	3,50,487.85	50% "
കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം	4,72,554.94	70% "
കമ്മ്യൂണിറ്റി ഹാൾ സ്റ്റേജ് പുനരുദ്ധാരണം	1,95,473.57	70% "
കമ്മ്യൂണിറ്റി ഹാൾ- ട്രസ് വർക്ക്	7,10,191.80	100% "

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
കുടിവെള്ള വിതരണം/ പുതിയ കിണർ	2,50,000.00	70% "
കുടിവെള്ള വിതരണം/ കിണർ, ടാങ്ക് പ്ലംബിംഗ്	2,50,640.00	
കുടിവെള്ള വിതരണം OH സിന്റക്സ് വാട്ടർ ടാങ്ക് 20000 ലിറ്റർ	7,37,349.50	പണി ആരംഭിച്ചിട്ടില്ല
കുടിവെള്ള വിതരണം	2602257.20	
ആകെ (ടാക്സ് ഉൾപ്പെടെ)	10000000	

കിസുമം പട്ടികജാതി കോളനി - ഏജൻസി- ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

ഭവനപുനരുദ്ധാരണം,സൈഡ് വാൾ, കിണർ പുനരുദ്ധാരണം, പശു വിതരണം, ആട് വിതരണം,ആട്ടോറിക്ഷ, റബ്ബർതൈ വിതരണം. തയ്യൽ മിഷ്യൻ, ചെടി വിതരണം,കോൺക്രീറ്റ് റോഡ് എന്നിവയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും കോളനി നിവാസികളുടെ നിസ്സഹ കരണം കാരണം പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കോളനിയെ ഒഴിവാക്കി മറ്റൊരു കോളനി നിർദ്ദേശിക്കാൻ സ്ഥലം എം.എൽ.എ. യോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

പുലയാസ് കോളനി വ്യക്തിഗത വാട്ടർ കണക്ഷൻ

197 (2406) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ" പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പുലയാസ് കോളനിയിലെ ഇനിയും പൂർത്തീകരിക്കാനുള്ള വ്യക്തിഗത വാട്ടർ കണക്ഷൻ നൽകുന്ന പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് താത്കാലിക ഉടമസ്ഥാവകാശം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly